# ഹരിതാമൃതം പദ്ധതിക്ക് തുടക്കം

കൊല്ലം ● പരിസ്ഥിതിദിനത്തോടനുബന്ധിച്ചു സംസ്ഥാന സർക്കാരും മാതാ അമൃതാനന്ദമയി മഠവും ആയുഷ് യുവധർമ ധാരയും ചേർന്നു സംഘടിപ്പിക്കുന്ന ഹരിതാമൃതം പദ്ധതിയുടെ ഉദ്ഘാടനം അമൃത സർവകലാശാല ക്യാംപസിൽ സി. ദിവാകരൻ എംഎൽഎ നിർവഹിച്ചു. പരിസ്ഥിതി ദിനത്തിൽ ഒരു ലക്ഷം വൃക്ഷത്തൈകൾ സംസ്ഥാനത്തുടനീളം വച്ചുപിടിപ്പിക്കാനാണു ലക്ഷ്യമിട്ടത്.

സെപ്റ്റംബർ ഒടുവിലോടെ സംസ്ഥാനത്താകെ 60 ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കും.

തന്റെ ജന്മനക്ഷത്രമായ മകയിരം നാളിന്റെ വൃക്ഷമായ കരിങ്ങാലിയുടെ തൈ നട്ടാണ് എംഎൽഎ ഉദ്ഘാടനം ചെയ്തത്.

കുലശേഖരപുരം പഞ്ചായത്ത് പ്രസിഡന്റ് സലിം അധ്യക്ഷത വഹിച്ചു. മനോജ്, അമൃത സ്കൂൾ ഓഫ് ആയുർവേദ പ്രിൻസിപ്പൽ ഡോ. വാസുദേവൻ നമ്പൂതിരി, ഡോ. ത്രിപാഠി എന്നിവർ പ്രസംഗിച്ചു.



അമൃതാനന്ദമയി മഠത്തിന്റെ നേതൃത്വത്തിലുള്ള ഹരിതാമൃതം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം അമൃത സർവകലാശാല ക്യാംപസിൽ സി. ദിവാകരൻ എംഎൽഎ നിർവഹിക്കുന്നു.